**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വകാര്യവ്യക്തികൾ പഞ്ചായത്തിന്റെ പേരിൽ സൗജന്യമായി എഴുതി നൽകിയ 40 സെന്റ് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് എടക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.2244/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 11/10/2019.

പരാമർശം: 1) എടക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 01/11/2018 ലെ 8(1) നമ്പർ തീരുമാനം.

2) പഞ്ചായത്ത് ഡയറക്ടറുടെ 06/05/2019, 27/9/2019 തീയതികളിലെ PAN/4839/2019-C4(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തികൾ എടക്കര ഗ്രാമപഞ്ചായത്തിന് സൗജന്യമായി രജിസ്റ്റർ ചെയ്തു നല്കിയ സർവ്വെ നമ്പർ 1065/2-ൽ 40 സെന്റ് സ്ഥലം ആഭ്യന്തര വകുപ്പിന് വിട്ടു നൽകുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് കൈമാറുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും അനുമതിക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) ടി സ്ഥലം കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്നും സ്ട്രക്ചറൽ ഡിസൈനിംഗിന്റെ ഭാഗമായ സോയിൽ ടെസ്റ്റ് നടത്തി അനുയോജ്യമായ കെട്ടിടം നിർമ്മിക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വകാര്യവ്യക്തികൾ പഞ്ചായത്തിന്റെ പേരിൽ സൗജന്യമായി എഴുതി നൽകിയ സർവ്വെ നമ്പർ 1065/2-ൽ ഉൾപ്പെട്ടു വരുന്ന 40 സെന്റ് സ്ഥലം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 3(1) പ്രകാരം ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് എടക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ടി സ്ഥലം പഞ്ചായത്തിന്റെ ഭൂമിയിൽനിന്നും കുറവ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, എടക്കര ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ